# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4519 13.11.2019-ൽ മറുപടിക്ക്

## തിരുവനന്തപുരം മൃഗശാലയിലെ മൃഗപരിപാലന ന്യൂനതകൾ

**ചോദ്യം**
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.കെ.എൻ.എ ഖാദർ

**മറുപടി**
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിൽ പക്ഷിമൃഗാദികൾ ചത്തുവീഴുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | മൃഗശാലയിൽ പക്ഷിമൃഗാദികൾ അസ്വാഭാവിക കാരണങ്ങളാൽ ചത്തുവീഴുന്ന സംഭവങ്ങൾ ഉണ്ടായിട്ടില്ല. പ്രായാധിക്യവും, തമ്മിലുള്ള അക്രമണം കാരണവും മരണങ്ങൾ സംഭവിക്കുന്നുണ്ട്. |
| (ബി) | മൃഗപരിപാലനത്തിലെ ന്യൂനതകളും മൃഗങ്ങളുടെ അശാസ്ത്രീയവാസവും ഇതിന് കാരണമായിട്ടുണ്ടോ യെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) & (സി) | തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങളെ കേന്ദ്ര മൃഗശാലാ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമുള്ള വാസസ്ഥലങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നത്. വാസസ്ഥലങ്ങളുടെ നിർമ്മാണത്തിനു കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ പ്രകാരമാണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. മൃഗപരിപാലനത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ജീവനക്കാർ ആണ് പരിപാലനം നടത്തുന്നത്. |
| (സി) | ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ